# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 874

29/09/2011 ൽ
മറുപടിക്ക്

## അദ്ധ്യാപക പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി .എ. മാധവൻ | | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | അദ്ധ്യാപക പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ | (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനത്തിന് ശാസ്ത്രീയ രീതി നടപ്പിലാക്കുക അധികാദ്ധ്യാപക വിന്യാസം പൂർണ്ണമാക്കി അവരുടെ ശമ്പളം ഉറപ്പാക്കുക, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുക അദ്ധ്യാപക ബാങ്ക് രൂപീകരിക്കുക തുടങ്ങിയവയാണ് പാക്കേജിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ |
| (ബി) | ഇതു സംബന്ധിച്ച് അന്തിമമായ തീരുമാനം എടുത്തിട്ടുണ്ടോ | (ബി) | 28/9/2011 നു കൂടിയ മന്ത്രിസഭായോഗം പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വിദ്യാഭ്യാസാവകാശ നിയമത്തിന്റെ കൂടി ഭാഗമായിട്ടാണോ അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നത് | (സി) | അതെ |
| (ഡി) | അദ്ധ്യാപക പാക്കേജിന് ആകെ ആവശ്യമായ തുക എത്രയാണ് | (ഡി) & (ഇ) | പാക്കേജ് നടപ്പിലാക്കുമ്പോൾ 6.68 കോടിരൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണക്കാക്കുന്നു. |
| (ഇ) | കേന്ദ്ര സർക്കാരിൽ നിന്നും ഇതിലേക്കായി എത്ര തുക ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നത് | | |

സെക്ഷൻ ഓഫീസർ